കിൻഫ്ര വ്യവസായ പാർക്ക് (കൂടാളി, പട്ടാന്നൂർ, കീഴല്ലൂർ വില്ലേജുകളിലായി ഭൂമി ഏറ്റെടുക്കൽ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതിയുടെ ശുപാർശ കുറിപ്പ്.

തീയ്യതി: 10.11.2020

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ കൂടാളി, പട്ടാന്നൂർ , കീഴല്ലൂർ വില്ലേജുകളിലായി 102 പദ്ധതി പ്രകാരം കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാനിടയുള്ള സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ച് ചെയർമാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് തിരുവനന്തപുരം എന്ന ഏജൻസി സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്തി അന്തിമ ശുപാർശ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള ഒരു വിദഗ്ധ സമിതിയെ കണ്ണൂർ ജില്ലാ കലക്ടരുടെ DCKNR/2138/2019-C6 നമ്പർ 05.11.2020 തീയ്യതി ഉത്തരവ് പ്രകാരം രൂപവൽക്കരിച്ചിരുന്നു. വിദഗ്ധ സമിതിയുടെ പ്രാഥമിക യോഗം 07.11.2020 ന് ഉച്ചയ്ക്ക് 2 മണിക്ക് മട്ടന്നൂർ കിൻഫ്ര ആഫീസിൽ വെച്ച് ചേരുകയും ചെയ്തു.

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ കൂടാളി, പട്ടാന്നൂർ, കീഴല്ലൂർ എന്നീ വില്ലേജുകളിലായി വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 313.81 ഏക്കർ ഭൂമിയാണ് പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ 10 ഓളം വീടുകൾ ഉൾപ്പെട്ടിട്ടുണ്ട്. സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി 10.11.2020 ന് രാവിലെ 11 മണിക്ക് മട്ടന്നൂർ കിൻഫ്ര ആഫീസിൽ വെച്ചു നടന്ന വിദഗ്ധ സമിതിയുടെ അന്തിമ യോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെ ചേർത്തിരിക്കുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

1. കേരളത്തിൽ വ്യവസായം വികസിപ്പിക്കുകയെന്ന പൊതു ആവശ്യം നിറവേറ്റുന്നതിനും, തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക എന്നിവയിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ വ്യാവസായിക വകുപ്പിന്റെ കീഴിലുള്ള കിൻഫ്രക്ക് വേണ്ടിയുള്ള ഈ ഭൂമി ഏറ്റെടുക്കൽ ഒരു പൊതു ആവശ്യത്തിനു വേണ്ടിയാണ്.
2. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉപയുക്തമാകുന്ന ഈ പദ്ധതിക്കു വേണ്ടി 313.81 ഏക്കർ ഭൂമി ഏറ്റെടുത്ത് വ്യാവസായിക പാർക്ക് പൂർണ്ണതോതിൽ സ്ഥാപിക്കുകയും കൂടാതെ ആയതുമായി ബന്ധപ്പെട്ട അനുബന്ധ വികസന പ്രവർത്തനങ്ങൾ കൂടി നടത്തിയാൽ ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി അധികമാവുകയില്ലെന്നും ആയത് കുറഞ്ഞ അളവിലുള്ളതാണെന്നും ഈ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ നിർദ്ദിഷ്ട ഭൂമിക്കു പകരം വേറെ ഭൂമി കണ്ടെത്തേണ്ടതില്ലയെന്ന പഠന റിപ്പോർട്ടിനോട് ഈ സമിതി യോജിക്കുന്നു.
3. ഏറ്റെടുക്കുന്ന ഭൂമിക്ക് ചുറ്റും മതിൽ സ്ഥാപിക്കുകയാണെങ്കിൽ പദ്ധതി പ്രദേശത്ത് താമസിക്കുന്നവർക്കും മറ്റും റോഡ് സൗകര്യം ലഭ്യമാക്കേണ്ടതാണെന്ന് ഈ സമിതി ശുപാർശ ചെയ്യുന്നു.

4. പദ്ധതി പ്രദേശത്ത് മലിനജല സംസ്കരണ സംവിധാനം, മഴവെള്ള സംഭരണി, സസ്യസംരക്ഷണ പ്രവർത്തനം എന്നിവ നടപ്പിലാക്കി പാരിസ്ഥിതിക പ്രശ്നങ്ങൾ പരമാവധി കുറയ്ക്കണമെന്ന് ശുപാർശ ചെയ്യുന്നു.
5. പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിൽ കശുമാവ്, റബ്ബർ മരങ്ങൾ, ചെങ്കൽ ഖനനം ചെയ്യുന്ന പ്രദേശം എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇവ ഈ പ്രദേശത്ത് ജീവിക്കുന്നവരുടെ ഉപജീവന മാർഗത്തെ സാരമായി ബാധിക്കുന്നു എന്ന് പഠന റിപ്പോർട്ടിലുമുണ്ട്. എന്നാൽ പദ്ധതി നിലവിൽ വന്നാലുള്ള നേട്ടം കണക്കിലെടുത്താൽ ഈ കാര്യത്തിലുള്ള ആഘാതം നാമമാത്രമാണ്.
6. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലൂടെ 10 ഓളം വീടുകൾ കുടിയൊഴിപ്പിക്കപ്പെടുന്നുണ്ട്. ഈ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കും കുടിയൊഴിപ്പിക്കപ്പെടുന്നവർക്കും, RFCTLARR Act 2013 കേരളസർക്കാരിന്റെ 29.12.2017 ലെ ജി.ഒ (എം.എസ്) 448/2017/ആർ.ഡി ഉത്തരവ് പ്രകാരമുള്ള സാമ്പത്തിക പുനരധിവാസ ആനുകൂല്യങ്ങൾ യഥാസമയം ഉറപ്പു വരുത്തേണ്ടതാണ് എന്ന് ശുപാർശ ചെയ്യുന്നു.

പ്രസ്തുത ഭൂമി ഏറ്റെടുത്ത് പൂർണ്ണ തോതിൽ വ്യാവസായിക പാർക്ക് സ്ഥാപിക്കുന്നതു മൂലം സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനും അതുവഴി സാമ്പത്തിക മേഖലയിൽ വലിയ മുതൽ കൂട്ടാകുന്ന ഈ പദ്ധതിയുടെ ഗുണവശങ്ങൾ പരിഗണിക്കുമ്പോൾ ആയതുമായി ബന്ധപ്പെട്ട സാമൂഹ്യാഘാതങ്ങൾ കുറവാണ്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാവുന്നതാണെന്ന് ഈ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

ശ്രീമതി ബിന്ദു
പ്രതിനിധി
കൂടാളി ഗ്രാമ പഞ്ചായത്ത്

ശ്രീ. രാജൻ.എം
പ്രതിനിധി
കീഴല്ലൂർ ഗ്രാമ പഞ്ചായത്ത്

ശ്രീ. പി.രാജൻ
റിട്ട.ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

ശ്രീ. സി.എം മുരളീധരൻ
റിട്ട.ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

ശ്രീ. കെ.വി ഗംഗാധരൻ
അഡ്വൈസർ (എൽ.എം), കിൻഫ്ര
സാങ്കേതിക വിദഗ്ധൻ

ശ്രീ. ഗോപി.എം
സാമൂഹ്യശാസ്ത്രജ്ഞൻ

ശ്രീമതി. ജിജി.കെ
ചെയർപേഴ്സൻ
വിദഗ്ധ സമിതി